അനുവദിച്ച തുകയിൽ 2013 ഡിസംബർ 31 വരെ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു:

തരം	വികസന ഫണ്ട്	മെയിന്റനൻസ് ഫണ്ട്	മറ്റുള്ള ഫണ്ടുകൾ	ആകെ ചെലവഴിച്ച ഫണ്ടുകൾ
ഗ്രാമ പഞ്ചായത്ത്	6123777458.00	1741056506.00	1259053058.00	9123887022.00
ബ്ലോക്ക് പഞ്ചായത്ത്	1686255448.00	92145741.00	112856492.00	1891257681.00
ജില്ലാ പഞ്ചായത്ത്	972173167.00	629804119.00	64800802.00	1666778088.00

(ഇ) തുക അനുവദിക്കുന്നതിന് വീഴ്ച ഉണ്ടായിട്ടില്ല.

ഗ്രാമസഭകൾ ചേരാൻ സ്കൂൾ കെട്ടിടം അനുവദിക്കുന്നില്ലെന്ന പരാതി

1792 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമസഭ വിളിച്ചുചേർക്കുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിലെ ഗവൺമെന്റ്, എയിഡഡ് സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഗ്രാമസഭകൾ ചേരുന്നതിന് എയിഡഡ് സ്കൂളുകൾ അനുവദിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ നിന്നും ഇത്തരത്തിൽ പരാതി ലഭിച്ചിട്ടുണ്ടോയെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി& സി) ഉണ്ട്.

പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭ ചേരാൻ അനുവദിക്കാത്തതു സംബന്ധിച്ച് പഞ്ചായത്ത് പ്രസിഡന്റ് A.E.O.-യ്ക്ക് പരാതി നൽകുകയും സ്കൂൾ ഹെഡ്മിസ്ട്രസ് A.E.O യ്ക്ക് വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം തന്നെ അനുമതിയില്ലാതെ സ്കൂൾ കെട്ടിടത്തിൽ ഗ്രാമസഭ നടത്തിയതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ എതിർകക്ഷിയായി ചേർത്തുകൊണ്ട് WP(C)2320/14 ആയി സ്കൂൾ മാനേജർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

ശരണാലയങ്ങളിലെ അരക്ഷിതാവസ്ഥയും നിയമ വിരുദ്ധ പ്രവർത്തനങ്ങളും

3436 ശ്രീമതി കെ. എസ്. സലീഖ : താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത് ശിശു/മാതാവ്/വൃദ്ധ ജനങ്ങൾ /മറ്റ് അശരണർ എന്നിവരെ സംരക്ഷിക്കാനായി രജിസ്റ്റർ ചെയ്യപ്പെട്ട എത്ര സ്ഥാപനങ്ങൾ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നുയെന്നും എന്തെല്ലാം വിദേശ സഹായങ്ങൾ ലഭിക്കുന്നുണ്ടെന്നും അറിയിക്കുമോ; പ്രസ്തുത സ്ഥാപനങ്ങളുടെ വരവ് ചെലവുകൾ പരിശോധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വൃദ്ധജനപീഡനം, സ്ത്രീപീഡനം, കുട്ടികളുടെ മേലുള്ള മറ്റ് അപകടകരമായ പ്രവൃത്തികൾ, പണാപഹരണം എന്നിവ സംബന്ധിച്ച് ഈ സർക്കാർ വന്നശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് സാമൂഹ്യനീതി വകുപ്പ് കണക്കാക്കിയിട്ടുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആതുരാലയങ്ങളുടെ മറവിൽ നടക്കുന്ന അനാശാസ്യ പ്രവർത്തനങ്ങൾ തടയാനും അന്തേവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാനും അടിയന്തര നിയമനിർമ്മാണം നടത്തുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ നിലവിൽ വന്ന ശേഷം രജിസ്റ്റർ ചെയ്യപ്പെട്ട ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly